പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1461** **02.07. 2015-** ലെ മറുപടി

## നിതാഖത്ത് നിയമത്തിന്റെ പ്രത്യാഘാതം

ചോദ്യം

ഉത്തരം

ശ്രീ. കെ. ദാസൻ

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ)നിതാഖത്ത് നിയമത്തെത്തുടർന്ന് തിരിച്ചുവന്ന പ്രവാസികൾക്കായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ;

എ) നിതാഖത്ത് നിയമത്തെ തുടർന്ന് തിരികെയെത്തിയ പ്രവാസികൾക്കായി പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ നിതാഖത്ത് ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിലെ സ്വദേശീവത്കരണവും മറ്റ് വിദേശരാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രത്യേക സാഹചര്യവും മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനു പുറമെ തിരികെയെത്തിയവർക്കായി സ്വയം തൊഴിൽ സംരംഭ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്ന NDPREM എന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

ബി) പ്രവാസികളുടേതായി എത്ര അപേക്ഷകൾ നാളിതുവരെ നോർക്കയിൽ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ; എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും അവർക്കായി ആവിഷ്കരിച്ചിരിച്ച കർമ്മപരിപാടികളും അതിന്റെ പുരോഗതിയും അത് പ്രവാസികൾക്ക് നൽകിയ ഗുണഫലവും ക്വാണ്ടിറ്റി ബേസിൽ വിശദമായി വ്യക്തമാക്കാമോ ;

ബി) നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് സൗദി അറേബ്യയിൽ നിന്നും തിരികെയെത്തി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്ത 22,634 പേരോട് നോർക്ക റൂട്ട്സ് നടപ്പാക്കുന്ന NDPREM പദ്ധതിയിലൂടെ സ്വയം തൊഴിൽ വായ്പയ്ക്കായി അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും അങ്ങനെ അധിക വിവരങ്ങൾ ലഭ്യമാക്കിയവരുടെ അപേക്ഷകളിന്മേലുള്ള സ്ക്രീനിംഗ് നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾക്കായി ഇവരുടെ അപേക്ഷകൾ ബാങ്കുകൾക്ക് കൈമാറുന്നതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത 22634 പേരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെക്കൊടുക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം | അധികവിവരങ്ങൾ ലഭ്യമാക്കിയവരുടെ എണ്ണം | ശുപാർശയ്ക്ക് യോഗ്യരായവരുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 2330 | 439 | 177 |
| കൊല്ലം | 2182 | 526 | 239 |

| | | | |
|---|---|---|---|
| പത്തനംതിട്ട | 351 | 82 | 49 |
| ആലപ്പുഴ | 685 | 65 | 37 |
| കോട്ടയം | 219 | 63 | 21 |
| ഇടുക്കി | 77 | 28 | 10 |
| എറണാകുളം | 422 | 126 | 74 |
| തൃശൂർ | 620 | 26 | 16 |
| പാലക്കാട് | 1532 | 435 | 228 |
| കോഴിക്കോട് | 2719 | | |
| വയനാട് | 554 | 740 | 271 |
| മലപ്പുറം | 9274 | 2843 | 733 |
| കണ്ണൂർ | 1423 | | |
| കാസർഗോഡ് | 246 | 410 | 194 |
| ആകെ | 22634 | 5783 | 2049 |

ഇതിന് പുറമെ NDPREM പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച തിരികെയെത്തിയ 19690 പ്രവാസികളുടെ അപേക്ഷകളിൽ സ്ക്രീനിംഗ് നടത്തുകയും സ്ക്രീനിംഗിന് ഹാജരായ 7218 പേരിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 6766 പേരുടെ അപേക്ഷകൾ കഴിഞ്ഞ സാമ്പത്തിക വർഷം ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വച്ച ബാങ്കുകളുടെ വിവിധ ശാഖകളിൽ നിന്നായി 1000ലധികം പേർക്ക് ഇതിനകം ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ സർക്കാർ ഇതിനകം 7 കോടിയിലധികം രൂപ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ബാങ്കുകളുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് മറ്റുള്ള അപേക്ഷകർക്കും വായ്പ ലഭ്യമാക്കുന്നതാണ്.

സി) പ്രവാസികൾക്കായി പ്രഖ്യാപിച്ച വായ്പകളോ മറ്റ് സഹായങ്ങളോ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്ത് പരിഹാരമാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡി)ഗൾഫ് രാഷ്ട്രങ്ങളിൽ കലാപങ്ങൾ നടക്കുന്നത് കാരണം പ്രവാസികൾ കൂട്ടത്തോടെ തിരിച്ചെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡി) ഉണ്ട്. ഇറാഖ് , ലിബിയ, യെമൻ തുടങ്ങിയ കലാപബാധിത രാജ്യങ്ങളിൽ നിന്നും പ്രവാസി കേരളീയരെ ഒഴിപ്പിക്കേണ്ടതായ സാഹചര്യം ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ